(ബി) തദ്ദേശ സ്വയം ഭരണ നഗരങ്ങളുടെ വികസനത്തിനുവേണ്ടി ഗവൺമെന്റ് ആവിഷ്കരിച്ച പദ്ധതിയുടെ മാതൃകയിൽ പ്രസ്തുത നഗരങ്ങളുടെ വികസനത്തിനുവേണ്ടി എന്തെങ്കിലും രൂപരേഖ ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മാതൃകയിൽ പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) - (സി) തലസ്ഥാന വികസന പദ്ധതി ആവശ്യമായ മാറ്റങ്ങളോടെ കോഴിക്കോട്, കൊച്ചി നഗരങ്ങളിലും നടപ്പിലാക്കുന്നതിനും, ഈ നഗരങ്ങളെ സാമ്പത്തിക വളർച്ചാകേന്ദ്രങ്ങളാക്കി മാറ്റിയെടുക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഒരു ഉന്നതതല സംവിധാനം ഏർപ്പെടുത്തുന്നതു സംബന്ധിച്ച ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

ആർ.സി.സി.യുടെ ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുവാനും സൗജന്യമാക്കുവാനും നടപടി

50 [2397] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള റീജിയണൽ കാൻസർ സെന്ററിൽ എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് രോഗികൾക്ക് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വിലകൂടിയ മരുന്നുകൾ പുറത്തുനിന്നു വാങ്ങേണ്ടിവരുന്നത് മാനസികമായും ശാരീരികമായും അവശരായ രോഗികൾക്ക് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയതു പരിഹരിക്കുവാൻ മരുന്നുകൾ ആശുപത്രി കൗണ്ടറിൽനിന്നും ലഭ്യമാക്കുവാൻ അടിയന്തിരനടപടി സ്വീകരിക്കുമോ;

(ഡി) കാൻസർ ചികിത്സയ്ക്കായി എത്തുന്ന രോഗികളിൽനിന്നും മുൻകൂർ പണം അടയ്ക്കുവാൻ നിഷ്കർഷിക്കുന്നത് ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിപോലെ കാൻസർ ചികിത്സയ്ക്കായി മാത്രം 'കാൻസർ ചികിത്സാ സഹായനിധി' ഏർപ്പെടുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) രോഗികളുടെകൂടെ വരുന്നവർക്ക് വിശ്രമിക്കുവാനും പ്രഭാത ദിനകൃത്യങ്ങൾ നിർവ്വഹിക്കുവാനും ഉള്ള സൗകര്യങ്ങൾ ആർ.സി.സി. പരിസരത്ത് ഏർപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ആർ.സി.സി.യുടെ ശാഖകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) രോഗികൾക്ക് നൽകിവരുന്ന ആഹാരം സൗജന്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഐ) ക്യാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമാക്കുവാൻ എന്തെല്ലാം തടസ്സങ്ങളാണ് സർക്കാരിന്റെ മുന്നിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ക്യാൻസർ രോഗത്തിനുള്ള എല്ലാവിധ ചികിത്സാ രീതികളും ലഭ്യമാണ്. ഇവയിൽ പ്രധാനമായും സർജറി, റേഡിയേഷൻ, കീമോതെറാപ്പി, ഹോർമോൺ, ബയോളജിക്കൽ മോഡിഫയം എന്നീ ചികിത്സാ രീതികളാണ് ലഭ്യമാക്കിയിട്ടുള്ളത്. കൂടാതെ അനുബന്ധ ഡിപ്പാർട്ട്മെന്റുകളായ പാലിയേറ്റീവ് കെയർ, കമ്മ്യൂണിറ്റി ഓങ്കോളജി, ദന്തൽവിംഗ്, ബ്ലഡ് ബാങ്ക്, പതോളജി, ഇമേജിയോളജി & ന്യൂക്ലിയർ മെഡിസിൻ, ക്യാൻസർ റിസർച്ച് തുടങ്ങിയവയും നിലവിലുണ്ട്.

(ബി) & (സി) റീജിയണൽ ക്യാൻസർ സെന്ററിൽ പ്രവർത്തിക്കുന്ന ഫാർമസി കൗണ്ടറിൽ മെഡിക്കൽ സ്റ്റോറുകളിൽ ഈടാക്കുന്നതിനെക്കാൾ വളരെ വിലകുറച്ച് രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. ഈ കൗണ്ടറുകൾ രാവിലെ 8 മണി മുതൽ വൈകുന്നേരം 6 മണിവരെ പ്രവർത്തിക്കുന്നുണ്ട്. രോഗം മാറുവാൻ സാദ്ധ്യതയേറെയുള്ള പാവപ്പെട്ട രോഗികൾക്ക് ആന്റി ക്യാൻസർ ഡ്രഗ്സ് സൗജന്യമായി നൽകുവാനുള്ള സംവിധാനം ഇപ്പോൾ ആർ.സി.സി.-യിൽ നിലവിലുണ്ട്. വിലകൂടിയ ബ്രാൻഡ് പ്രോഡക്ടുകൾ ആർ.സി.സി.-യുടെ ഫാർമസി കൗണ്ടറിൽ വാങ്ങിവയ്ക്കുവാൻ കഴിഞ്ഞ ആർ.സി.സി.-യുടെ ഗവേണിംഗ് ബോഡിയിൽ തീരുമാനമെടുത്തിട്ടുണ്ട്. വിപണിയിൽ പുതുതായി ഇറക്കുന്നതും വളരെ വിലകൂടിയതുമായ മരുന്നുകൾ മാത്രമേ രോഗികൾക്ക് പുറത്തുനിന്നും വാങ്ങേണ്ടതായിവരുന്നുള്ളൂ.

(ഡി) ക്യാൻസർ ചികിത്സയ്ക്കെത്തുന്ന എല്ലാ രോഗികളിൽനിന്നും പണം ഈടാക്കാറില്ല. എന്നാൽ ഇൻപേഷ്യന്റായി അഡ്മിറ്റ് ചെയ്യുന്ന രോഗികളിൽനിന്നും മാത്രം അടയ്ക്കേണ്ടതായ തുകയുടെ ഒരു ഭാഗം മുൻകൂറായി ഈടാക്കാറുണ്ട്. കൂടാതെ, ഈ സെന്ററിൽ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ രോഗികളെ വിവിധ കാറ്റഗറികളിൽ ഉൾപ്പെടുത്തിയാണ് ചികിത്സാച്ചെലവ് ഈടാക്കുന്നത്. വളരെ നിർദ്ധനരായ രോഗികളിൽനിന്നും ഒരു ഫീസും ഈടാക്കാതെതന്നെ ചികിത്സാ സൗകര്യം ചെയ്തുകൊടുക്കാറുണ്ട്.

(ഇ) നിർദ്ധനരായ രോഗികളുടെ ചികിത്സയ്ക്ക് ധനസഹായം നൽകുന്ന ഒരു പദ്ധതി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവർ (എസ്.എം.എ.പി.) ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഇതിൽനിന്നും ക്യാൻസർ ചികിത്സയ്ക്ക് പരമാവധി പതിനായിരം രൂപവരെ ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ക്യാൻസർ രോഗികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന റീജിയണൽ ക്യാൻസർ അസോസിയേഷന്റെയും മറ്റു സന്നദ്ധ സംഘടനകളുടെയും ധനസഹായത്തോടുകൂടി എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു വെയിറ്റിംഗ്ഷെഡ് ആർ.സി.സി.-യിൽ പൂർത്തിയായിവരുന്നു.

(ജി) ഇപ്പോൾ കൊല്ലം, കോഴഞ്ചേരി, പാലക്കാട്, കണ്ണൂർ, എറണാകുളം എന്നിവിടങ്ങളിൽ ആർ.സി.സി.-യുടെ പ്രാദേശിക കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ ക്യാൻസർ മുൻകൂറായി കണ്ടുപിടിക്കുന്നതിനും തുടർ പരിശോധനകൾക്കും സൗകര്യമുണ്ട്. ഈ സെന്ററുകളെ ടെലി മെഡിസിൻ സംവിധാനംവഴി ആർ.സി.സി.-യുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.

(എച്ച്) ആർ.സി.സി.-യിലെ രോഗികൾക്കുള്ള ആഹാരം നൽകിവരുന്നത്, ഈ സെന്ററിൽ പ്രവർത്തിക്കുന്ന കൃാന്റീനിൽ നിന്നുമാണ്. വളരെ പാവപ്പെട്ട രോഗികൾക്ക് സൗജന്യ നിരക്കിൽ ആഹാരം നൽകുന്നുണ്ട്. കൂടാതെ പല സന്നദ്ധസംഘടനകളും, പാവപ്പെട്ട രോഗികൾക്ക് ആശുപത്രി കൃാന്റീനിൽ നിന്നുമുള്ള ആഹാരം പൂർണ്ണമായും സൗജന്യമായി എത്തിച്ചുകൊടുക്കുന്നതിന് ആർ.സി.സി.-യുമായി കരാർ ചെയ്തിട്ടുണ്ട്.

(ഐ) ക്യാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമാക്കുവാൻ സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. എന്നാൽ ആർ.സി.സി.യിൽ ചികിത്സയ്ക്കെത്തുന്ന 46%-ത്തോളം രോഗികൾക്ക് അർഹതയുടെ അടിസ്ഥാനത്തിൽ ഇപ്പോൾത്തന്നെ സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും ക്യാൻസറിന് സൗജന്യ ചികിത്സ നൽകുന്നുണ്ട്.

കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ മഞ്ഞപ്പിത്തംമൂലം മരിച്ചവർ

51 [2402] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിലായി മഞ്ഞപ്പിത്ത രോഗബാധയേറ്റ് എത്ര പേർ കഴിഞ്ഞ 6 മാസത്തിനിടയിൽ മരണപ്പെട്ടിട്ടുണ്ട്;

(ബി) ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) മൂന്ന് പേർ മരിച്ചു.

(ബി) മേൽപ്പറയപ്പെട്ട മൂന്ന് മരണങ്ങളും കോട്ടയം ജില്ലയിൽ ആണ്.

LIBRARY ARCHIVES Kerala Legislative Assembly